ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട പരസ്യ ഏജൻസികൾ

59 [737] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിൽ നിലവിൽ ഉള്ള എം. പാനൽ ചെയ്ത പരസ്യ ഏജൻസികളെ തെരഞ്ഞെടുക്കുവാൻ പത്രപരസ്യം നൽകിയിരുന്നുവോ ; എങ്കിൽ ഏത് പത്രം എന്നും ഏത് എഡിഷനെന്നും വ്യക്തമാക്കുമോ ;

(ബി) വകുപ്പിൽ നിന്ന് കഴിഞ്ഞ രണ്ട് വർഷമായി ടി.വി. ചാനലുകൾക്ക് നൽകിയ പരസ്യത്തിന്റെ ചെലവ് എത്ര ; ഏത് ഏജൻസി വഴിയാണ് ഈ തുക നൽകിയത് ; ചാനലുകളും തുകയും വേർതിരിച്ച് വ്യക്തമാക്കുമോ ;

(സി) വിദേശ മാസികകളിൽ പരസ്യത്തിനായി ടൂറിസം വകുപ്പ് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എന്ത് തുക ചെലവഴിച്ചു ; ഏത് ഏജൻസി വഴിയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ നിലവിൽ ഉള്ള പരസ്യ ഏജൻസികളുടെയും ഇവന്റ് മാനേജ്മെന്റ് ഏജൻസികളുടെയും കാലാവധി എന്ന് അവസാനിക്കും ;

(ഇ) ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ് ?

ഉത്തരം

(എ) പത്രപരസ്യം നൽകിയിരുന്നു. മലയാള മനോരമ, ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സ്, ടൈംസ് ഓഫ് ഇൻഡ്യ എന്നീ പത്രങ്ങളിലാണ് പരസ്യം കൊടുത്തത്. മേൽപ്പറഞ്ഞ മൂന്ന് പത്രങ്ങളുടെയും എല്ലാ എഡിഷനുകളിലും പരസ്യം നൽകിയിരുന്നു.

(ബി) വകുപ്പിൽ നിന്ന് കഴിഞ്ഞ രണ്ട് വർഷമായി മൊത്തം 6,25,91,622 കോടി രൂപയുടെ ടി.വി. പരസ്യം നൽകിയിട്ടുണ്ട്. ഇതിൽ 6 കോടി 19 ലക്ഷം രൂപയുടെ പരസ്യവും സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ്, തിരുവനന്തപുരം എന്ന ഏജൻസി വഴിയാണ് നൽകിയത്. ബാക്കി ടി.വി. ചാനലുകൾക്ക് നേരിട്ടാണ് നൽകിയത്. ടി.വി. ചാനലുകളും തുകയും വേർതിരിച്ച് താഴെ കൊടുക്കുന്നു :

2004-05		രൂപ
സി.എൻ.എൻ.	—	69,98,400
ബി.ബി.സി.	—	39,79,487
ഡിസ്ക്കവറി	—	24,97,569
നാഷണൽ ജോഗ്രഫിക് ചാനൽ	—	24,94,800
എമിറേറ്റ്സ് ടി.വി.	—	22,06,486
സി.എൻ.ബി.സി.	—	10,71,360
എച്ച്.ബി.ഒ.	—	17,35,038

LIBRARY ARCHIVES Kerala Legislative Assembly

2004-05		രൂപ
എൻ.ഡി.റ്റി.വി.	—	10,00,551
ഏഷ്യാനെറ്റ്	—	10,15,300
സൂര്യ ടി.വി.	—	6,64,216
കൈരളി ടി.വി.	—	7,10,710
ജീവൻ ടി.വി.	—	3,04,590
ഇന്ത്യാവിഷൻ	—	3,04,590
ദൂരദർശൻ	—	6,85,328
2005-06		
സി.എൻ.എൻ.	—	69,91,440
ബി.ബി.സി.	—	49,47,980
ഡിസ്ക്കവറി ചാനൽ	—	25,30,537
നാഷണൽ ജോഗ്രഫിക് ചാനൽ	—	25,03,760
എമിറേറ്റ്സ് ടി.വി.	—	23,43,691
ഡിസ്ക്കവറി ട്രാവൽ & ലിവിംഗ്	—	5,47,477
എച്ച്.ബി.ഒ.	—	17,35,038
ഏഷ്യാനെറ്റ്	—	5,07,650
എ.സി.വി.	—	50,765
എൻ.ടി.വി.	—	10,153
അമൃത ടി.വി	—	2,03,060
സൂര്യ ടി.വി.	—	3,08,448
കൈരളി ടി.വി.	—	3,04,590
ജീവൻ ടി.വി.	—	2,03,060
ഇന്ത്യാവിഷൻ	—	2,03,060
ദൂരദർശൻ	—	4,87,344
സി.എൻ.ബി.സി.	—	19,76,129
എൻ.ഡി.റ്റി.വി.	—	24,24,422
സ്റ്റാർ പ്ലസ്	—	80,44,593
കൈരളി	—	6,00,000

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ നിലവിലുള്ള പരസ്യ ഏജൻസികളുടെയും ഇവന്റ് മാനേജ്മെന്റ് ഏജൻസികളുടെയും കാലാവധി 31-3-2006-ൽ അവസാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ആണ് കഴിഞ്ഞ തവണ സ്വീകരിച്ചത്:

—ടൂറിസവുമായി ബന്ധപ്പെട്ട് പരസ്യ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയ അഞ്ച് വർഷത്തെ പ്രവർത്തന പരിചയം.

—മൊത്തം നാല് കോടി രൂപയുടെയെങ്കിലും വാർഷിക ബിസിനസ്സ്.

—എല്ലാ സജ്ജീകരണങ്ങളോടുംകൂടിയ ഓഫീസ് തിരുവനന്തപുരത്ത് ഉണ്ടായിരിക്കണം.

ടൂറിസം പരസ്യപ്രചരണങ്ങൾക്ക് കേന്ദ്രസഹായം

60 [738] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും പരസ്യ ഇനത്തിൽ ടൂറിസം വകുപ്പ് എത്ര സംഖ്യ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കാമോ ; 2001 മുതൽ കഴിഞ്ഞ 5 വർഷങ്ങളിലായി ഓരോ വർഷവും എത്ര തുക ഇതിനായി ചെലവഴിച്ചിട്ടുണ്ട് ;

(ബി) വിദേശ രാജ്യങ്ങളിൽ സംസ്ഥാന ടൂറിസം വകുപ്പ് പരസ്യം ചെയ്യുന്നുണ്ടോ ; ഇതിനായി ഓരോ വർഷവും എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പരസ്യപ്രചരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഓരോ വർഷവും സ്വദേശത്തും വിദേശത്തും പരസ്യം നൽകുന്നതിനായി ടൂറിസം വകുപ്പ് ശരാശരി 4 കോടി രൂപാവീതം ചെലവഴിക്കുന്നു. 2001 മുതൽ കഴിഞ്ഞ 5 വർഷങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു :

നമ്പർ	വർഷം	തുക
1.	2001-2002	2,36,17,802
2.	2002-2003	3,02,77,412
3.	2003-2004	2,65,23,774
4.	2004-2005	4,36,21,554
5.	2005-2006	6,74,83,000
	ആകെ	19,15,23,542

(ബി) വിദേശ രാജ്യങ്ങളിലും ടൂറിസം വകുപ്പ് പരസ്യം നൽകുന്നുണ്ട്. ഇതിനായി ഓരോ വർഷവും ശരാശരി മൂന്ന് കോടി രൂപ വീതം ചെലവഴിക്കുന്നു.

(സി) പരസ്യപ്രചരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്ന് പ്രത്യേക സഹായം ഒന്നും ലഭിക്കുന്നില്ല. എന്നാൽ ഇന്ത്യാ ഇന്റർനാഷണൽ ബോട്ട്ഷോ വിജയകരമായി സംഘടിപ്പിക്കുന്നതിന് 2003-ലും 2004-ലും കേന്ദ്ര സർക്കാർ സഹായമായി 15 ലക്ഷം രൂപാവീതം ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly